പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2931 **29-10-2026-ൽ മറുപടിയ്ക്ക്**

പുനലൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പുനലൂർ മണ്ഡലത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.)-ന്റെ നിർവ്വഹണ ചുമതലയിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

മറുപടി: പുനലൂർ നിയോജകമണ്ഡലത്തിൽ KRFB-PMU ന്റെ കീഴിൽ വരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

1) **ആയൂർ-അഞ്ചൽ-പുനലൂർ റോഡ്**

G.O. (Rt) No. 942/2017/PWD തീയതി 10.07.2017 പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 35 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് KIIFB 15.03.201 ന് 123.37 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചശേഷം, പ്രസ്തുത പ്രവൃത്തി M/S ബെഗോറ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡുമായി 22.10.2020-ന് കരാറിലേർപ്പെട്ടു. കരാർ പ്രകാരം 24 മാസമായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി (29.10.2022 വരെ). 30.10.2020-ന് സൈറ്റ് കൈമാറിയ പ്രസ്തുത പ്രവൃത്തിക്ക് അഞ്ച് തവണ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു.

30-11-2024-ൽ നിർമ്മാണം പൂർത്തിയാക്കിയ ടി പ്രവൃത്തിയുടെ ഡിഫെക്ട് ലയബിലിറ്റി പീരിയഡ് (DLP) കാലാവധി 30.11.2027 വരെയാണ്. നിലവിൽ പ്രസ്തുത റോഡ് PWD റോഡ്സ് വിഭാഗത്തിന് കൈമാറി നൽകിയിട്ടുണ്ട്.

2) **കുളത്തുപ്പുഴ ശ്രീ ശാസ്താ അമ്പലക്കടവ് പാലം**

KIIFB ധനസഹായത്തോടെ പുനലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന കുളത്തുപ്പുഴ ശ്രീശാസ്താ അമ്പലക്കടവ് പാലം നിർമ്മാണ പ്രവൃത്തിക്ക് KIIFB-യിൽ നിന്നും 11.22 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 9.29 കോടി രൂപയ്ക്ക് ശ്രീ. ജോസ് തോമസുമായി 05.05 2025- ന് കരാറിലേർപ്പെട്ടു.15.05.2025-ന് കരാറുകാരന് സൈറ്റ് കൈമാറിയ പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി 18 മാസമാണ്. നിലവിൽ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. നാല് സ്പാനുകളുള്ള പാലത്തിന്റെ രണ്ട് സ്പാനുകളിലെ ഗിർഡർ കോൺക്രീറ്റിംഗ് പൂർത്തീകരിച്ചു. തുടർന്നുള്ള പ്രവൃത്തികൾ പുരോഗമിക്കുന്ന ടി പ്രവൃത്തിയുടെ നിലവിലെ ഭൗതിക പുരോഗതി 50% ആണ്.

3)**മെതുവിന്മേൽ-കുന്നിക്കോട്-തടിക്കാട്-പൊലിക്കോട് റോഡ്**

കെ.ആർ.എഫ്.ബി - പി.എം.യു മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്ന മെതുവിന്മേൽ -കുന്നിക്കോട് - കൊക്കോട് - തടിക്കാട് -പൊലിക്കോട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി (ആകെ നീളം 7.48 കി.മീ.) പുനലൂർ, പത്തനാപുരം മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. പ്രസ്തുത പ്രവൃത്തി M/s ബെഗോറ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡുമായി 13.04.2018 തീയതിയിൽ 39.43 കോടി രൂപയുടെ കരാറിലേർപ്പെടുകയും 23.04.2018 തിയതിയിൽ കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തു. പ്രവൃത്തി ഏറ്റെടുത്ത് ഏകദേശം 90% പൂർത്തീകരിച്ചിരുന്നുവെങ്കിലും വിവിധ കാരണങ്ങളാൽ ശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാൽ കരാർ അവസാനിപ്പിക്കുകയും ബാലൻസ് പ്രവൃത്തിക്കായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

തുടർന്ന് KIIFB ബാലൻസ് പ്രവൃത്തിക്കുള്ള തുക കൂടി ഉൾപ്പെടുത്തി 07.03.2026 തീയതിയിൽ 47.46 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിന്റെ നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

മറുപടി: പുനലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ നിർവഹണ ചുമതലയിലുള്ള പ്രവൃത്തികളുടെ നിലവിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. General NH 744 short time improvement and routine maintenance from 45/000 to 81/250- Punalur to Kottavasal - പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

2. General NH 744 construction of Gabion Wall at Punalur to Kottavasal-General NH 744 construction of Gabion Wall at ch 76/700 (RHS) ch 71/820 (RHS).ch 69/420 (RHS), ch 72/260 (RHS) General Civil work - Site handed over to contractor.

3. Construction of Bridge with approach at Valacode ROB location - ഭരണാനുമതി| NHAI ൽ നിന്നും ലഭ്യമായിട്ടില്ല.

4. Construction of Gabion wall at valacodu Ch 45/900 and the construction of retaining wall Thenmala junction ch 65/530 - Railway NOC ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

5. Provision of Gabion wall in NH 744 from Ch 72/220 to ch 72/260-Edappalayam RHS - പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു

സെക്ഷൻ ഓഫീസർ